അതുപോലെ പഴയ ആളുകൾക്കും വല്ല പ്രത്യേക പരിശീലനവും കൊടുക്കുന്നുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: പഴയ ആളുകൾക്ക് ഇതിനു മുമ്പ് കൊടുത്തിട്ടില്ലാത്ത പരിശീലനങ്ങൾ കൊടുക്കുന്നുണ്ട്. നല്ലവണ്ണം പഠിക്കുവാൻ കഴിവുള്ളവരെ മലയാളം ഷോർട്ട്ഹാൻഡ് പഠിപ്പിക്കുക മുതലായ പരിശീലനങ്ങൾ നൽകുന്നുണ്ട്.

മിസ്റ്റർ വി. എൻ. ഭാസ്കരൻനമ്പ്യാർ: കായികമായ എന്തെങ്കിലും പരിശീലനങ്ങൾ നൽകുന്നുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: കായികാഭ്യാസം എന്നു പറയുന്നതിൽ പോലീസിനുവേണ്ടത് ഡ്രിൽആണ്, അതു് അവർക്കു കൊടുക്കുന്നുമുണ്ട്.

മിസ്റ്റർ വി. എൻ. ഭാസ്കരൻനമ്പ്യാർ: പഴയ ആളുകൾക്ക് പുതുതായി എന്തു പരിശീലനമാണു കൊടുത്തുവരുന്നതു്.

റാവുബഹദൂർ എം. നാരായണമേനോൻ: വിദ്യാഭ്യാസസംബന്ധമായി ക്ലാസുവെച്ചു് പഠിപ്പിക്കുക മുതലായതു ചെയ്യുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ശമ്പളത്തിൽ പരിഷ്കാരം വരുത്താത്തതു് പണമില്ലാത്ത കൊണ്ടാണോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇവിടെയും തിരുവിതാംകൂറിലും അതു ക്ഷാമമൊന്നും ബാധിച്ചിട്ടില്ല.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: കായികമല്ലാതെ മാനസികമായും സാന്മാർഗ്ഗികമായും എന്തെല്ലാം പരിശീലനങ്ങൾ കൊടുക്കുന്നുണ്ട്?

റാവുബഹദൂർ എം. നാരായണമേനോൻ: പൊതുജനങ്ങളോടു ഇന്നവിധത്തിൽവേണം പെരുമാറുവാൻ എന്നൊക്കെയുള്ള നല്ല മര്യാദ പഠിപ്പിക്കുന്നുണ്ട്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അതിനു ക്ലാസുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഉണ്ടു്.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ആരാണു് പഠിപ്പിക്കുന്നതു്?

മിസ്റ്റർ എ. വി. മുത്തേടൻ: ലണ്ടൻപോലീസിൽ മാതൃകാപോലീസു് ആയിട്ടു വച്ചിട്ടുള്ളതുപോലെ ഇവിടെയുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇവിടെ അവർ എത്രത്തോളം പരിശീലനങ്ങൾ സിദ്ധിക്കുവാൻ കഴിവുള്ളവരാണോ അതനുസരിച്ചു കൂടുതൽ പരിശീലനങ്ങൾ കൊടുക്കുന്നുണ്ട്.

ROBBERY FROM NAMBUDIRI HOUSES—MUKUNDAPURAM AND COCHIN-KANAYANNUR TALUKS—1112—1113.

351. മിസ്റ്റർ സി. കുഞ്ഞൻ തമ്പുരിരിപ്പാട്: താഴെ പറയുന്ന സംഗതികൾക്കു ശ്രദ്ധപതിഞ്ഞിൽനിന്നും ദയവു ചെയ്തു മറുപടി പറയാമോ:—

(എ) 1112, 1113 ഈ കൊല്ലങ്ങളിൽ മുകുന്ദപുരം, കൊച്ചി—കണയന്നൂർ ഈ താലൂക്കുകളിൽ നിവസിക്കുന്ന നമ്പൂതിരിമാരുടെ ഗൃഹങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു് അവരുടെ സ്ത്രീകളുടെ കണ്ണാഭരണമായ ചെറുതാലി ബലാൽക്കാരം മോഷ്ടിച്ചുകൊണ്ടുപോയതായി എത്ര കേസുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ടു്";

(ബി) അതിൽ എത്ര കേസുകൾ തെളിഞ്ഞിട്ടുണ്ടു്";

(സി) ഏതെങ്കിലും തെളിയാതിരിക്കുന്നുണ്ടെങ്കിൽ അതിനു പ്രത്യേകമായി വല്ല കാരണവുമുള്ളതായി ശ്രദ്ധയിലേക്കുറിയാമോ?

റാവുബഹദൂർ എം. നാരായണമേനോൻ: (എ) ബലാൽക്കാരം മോഷ്ണം നടത്തിയതായി ഒരു കേസ്സും റജിസ്റ്റു ചെയ്തിട്ടില്ല;

(ബി) ഉത്തരം ആവശ്യമില്ല;

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാടു്: മോഷണങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നാണൊ പറയുന്നതു്?

റാവുബഹദൂർ എം. നാരായണമേനോൻ: ബലം പ്രയോഗിച്ചു് മരുകളും ഉണ്ടായിട്ടില്ല.

മിസ്റ്റർ സി. കുഞ്ഞൻനമ്പൂതിരിപ്പാടു്: കഴഞ്ചിലെ ആരോണം പറിച്ചെടുത്തതു ബലം പ്രയോഗിച്ചിട്ടല്ലെ?

റാവുബഹദൂർ എം. നാരായണമേനോൻ: ആരോണം കളവുപോയതല്ലാതെ ബലംപ്രയോഗിച്ചു് മോഷ്ടിച്ചതല്ല. ഇങ്ങിനെയുള്ള മൂന്നുകേസുകൾ ഉണ്ടായിട്ടുണ്ടു്. അതിനെപ്പറ്റി അന്വേഷിച്ചതിൽ തിരുവിതാംകൂറിലും മദ്രാസിലും കൊച്ചിയിലും ചിലപ്രദേശങ്ങളിലും ശിക്ഷിച്ചിട്ടുള്ള രണ്ടു തിരുവിതാംകൂർ കെ. ഡി. കളാണു് കളവു നടത്തിയതെന്നു തെളിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. കെ. മാധവമേനോൻ: ഈ മൂന്നുകേസുകൾ ഉണ്ടായിട്ടുള്ളതു എവിടെയെല്ലാമാണു്?

റാവുബഹദൂർ എം. നാരായണമേനോൻ: ചാലക്കുടി, എണാകുളം, വെള്ളാരപ്പിള്ളി.

മിസ്റ്റർ പി. കെ. മാധവമേനോൻ: വെള്ളാരപ്പിള്ളി മനക്കലും, ചാലക്കുടിയിലും കളവുചെയ്ത കുറക്കരെ കണ്ടുപിടിച്ചുവോ?

റാവുബഹദൂർ എം. നാരായണമേനോൻ: വേറെയുള്ള കളവുകൾചെയ്ത ആൾതന്നെ ഇതും ചെയ്തിട്ടുണ്ടെന്നു മനസ്സിലായപ്പോൾ കണ്ടുപിടിച്ചു.

BOY SCOUTS' ASSOCIATION—GOVERNMENT GRANT—RAISING OF.

352. Mr. M. L. Joseph (*Latin Christians-Cranganur*): Will the Government be pleased to state:—

(*a*) what grant the Education Department is giving annually to the Boy Scouts Association;

(*b*) when was it raised to the present level;

(*c*) what was the former grant;

(*d*) whether there was any necessity for raising the grant to its present level;

LIBRARY ARCHIVES Kerala Legislative Assembly